# പി.എസ്.വി. നാട്യസംഘം

## വിദ്യാർത്ഥിപ്രവേശനം

## പ്രോസ്പക്ടസ്

**2022–23**


വൈദ്യരത്നം പി.എസ്. വാരിയരുടെ

**ആര്യവൈദ്യശാല, കോട്ടയ്ക്കൽ**

## I. ആമുഖം

കേരളത്തിലെ പ്രശസ്തമായ കഥകളിസ്ഥാപനങ്ങളിൽ ഒന്നാണ് പി.എസ്. വി. നാട്യസംഘം. ആര്യവൈദ്യശാലാസ്ഥാപകൻ നാടകപരിശീലനത്തിനായി 1909 ൽ ആരംഭിച്ച പരമശിവവിലാസം നാടകക്കമ്പനിയാണ് 1939 മുതൽ കഥകളി നാട്യസംഘമായി പ്രവർത്തിക്കുന്നത്.

ഇന്ത്യയ്ക്കകത്തും പുറത്തും അനേകം അവതരണങ്ങൾ നടത്താൻ നാട്യസംഘത്തിന് സാധിച്ചിട്ടുണ്ട്. പ്രശസ്തരായ അനേകം കഥകളിനടന്മാരെ വാർത്തെടുക്കുവാൻ നാട്യസംഘം കളരിക്ക് കഴിഞ്ഞിട്ടുണ്ട്. കളരിച്ചിട്ടകൾ കർശനമായി പാലിക്കുന്ന അഭ്യസനക്രമാണ് കളരിയിലുള്ളത്.

കളരികളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കളരിപഠനത്തോടൊപ്പം പൊതുവിദ്യാഭ്യാസം തുടരുന്നതിന് അവസരങ്ങളുണ്ടായിരുന്നില്ല. അത് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. അവരുടെ ഭാഗത്തുനിന്നുണ്ടായ അഭിപ്രായങ്ങളെ മാനിച്ചുകൊണ്ട് കളരിപഠനത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തിനുകൂടി പ്രാധാന്യം നൽകുന്ന രീതിയിൽ പാഠ്യക്രമത്തെ പുനഃസംഘടിപ്പിക്കാൻ മാനേജ്മെന്റ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പാഠ്യക്രമം 2016 അദ്ധ്യയനവർഷം മുതൽ നിലവിൽ വന്നിരിക്കുന്നു.

ആയതിലേയ്ക്ക് വിദ്യാർത്ഥികളിൽനിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. **അപേക്ഷ ലഭിക്കേണ്ട അവസാന തിയ്യതി: 04.06.2022.**

## II. പ്രവേശനത്തിനുള്ള വ്യവസ്ഥകൾ

i. ഏഴാംസ്റ്റാൻഡേർഡ് പാസ്സായവരും 14 വയസ്സിൽ കൂടുതൽ പ്രായമില്ലാത്തവരുമായ വിദ്യാർത്ഥികൾക്ക് അതത് വർഷം പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. നിർദ്ദേശിച്ച യോഗ്യതകളുള്ള വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം നിശ്ചിതദിവസം അഭിമുഖത്തിന് ഹാജരാകേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രവേശനത്തിന് അർഹതനേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതും ജൂൺ മാസത്തിൽ ക്ലാസുകൾ ആരംഭിക്കുന്നതുമാണ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ നാട്യസംഘം നിർദ്ദേശിക്കുന്ന സ്കൂളിലേയ്ക്ക് ടി.സി. വാങ്ങി നാട്യസംഘം ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

ii. പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾ നാട്യസംഘത്തിൽ/നാട്യസംഘം നിർദ്ദേശിക്കുന്ന ഹോസ്റ്റലിൽ താമസിക്കേണ്ടതാണ്. പ്രവേശനനടപടികൾ പൂർത്തിയാക്കിയാൽ അടുത്തുള്ള പൊതുവിദ്യാല

യത്തിൽ അവരെ ചേർക്കുന്നതാണ്. അതത് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ടി.സി.യുടെ അടിസ്ഥാനത്തിൽ അർഹതനേടുന്ന ക്ലാസിലേക്കായിരിക്കും കുട്ടികളെ ചേർക്കുന്നത്.

iii. എട്ടാംസ്റ്റാൻഡേർഡിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് 10 വർഷമായിരിക്കും നാട്യസംഘത്തിലെ പഠനകാലം. എട്ടാംസ്റ്റാൻഡേർഡിന് താഴെ ക്ലാസുകളിൽ ചേരുന്ന കുട്ടികൾക്ക് അതിനനുസരിച്ച് പഠനകാലാവധിയിൽ മാറ്റം വരുന്നതാണ്. ഉദാഹരണമായി ഏഴാംസ്റ്റാൻഡേർഡിൽ ചേരുന്ന കുട്ടികൾക്ക് 11 വർഷമായിരിക്കും പഠനകാലം. പ്രവേശനം ലഭിച്ചശേഷം നാട്യസംഘം വിദ്യാർത്ഥികളായി തുടരുന്ന കാലത്തോളം +2 പഠനംവരെയുള്ള ഹോസ്റ്റൽ ചിലവുകളും വിദ്യാഭ്യാസത്തിനുള്ള ചിലവുകളും നാട്യസംഘം വഹിക്കുന്നതാണ്.

iv. 3 ഘട്ടമായിട്ടായിരിക്കും കോഴ്സുകൾ നടത്തുന്നത്. +2 വരെയുള്ള ആദ്യഘട്ടത്തിൽ പൊതുവിദ്യാഭ്യാസവും കളരിപഠനവും ഒന്നിച്ചായിരിക്കും നടത്തുന്നത്. രണ്ടാംഘട്ടം മൂന്നുവർഷത്തെ കളരിയഭ്യാസം മാത്രമാണ്. അവസാന രണ്ടുവർഷം ഉപരിവിഷയങ്ങളായിരിക്കും പഠിക്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് നാട്യസംഘം സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

v. വിദ്യാലയത്തിൽ ക്ലാസുള്ള ദിവസങ്ങളിൽ രാവിലെ 5 മുതൽ 7 വരെയും വൈകുന്നേരം 6 മുതൽ 7 വരെയും കലാപഠനം ഉണ്ടായിരിക്കുന്നതാണ്. ഒഴിവുദിവസങ്ങളിലും ശനിയാഴ്ചയും രാവിലെ 5 മുതൽ 11 വരെയും വൈകിട്ട് 6 മുതൽ 8 മണി വരെയും കലാപഠനം ഉണ്ടായിരിക്കും. ഞായറാഴ്ച ഒഴിവായിരിക്കും. മദ്ധ്യവേനലവധിക്കാലത്ത് മെയ് 01 മുതൽ കലാപഠനം ഉണ്ടായിരിക്കുന്നതാണ്.

vi. വേഷം, പാട്ട്, ചെണ്ട, മദ്ദളം എന്നീ വിഷയങ്ങളിൽ കലാപഠനത്തിന് സൗകര്യമുണ്ടായിരിക്കും. എല്ലാവിഷയങ്ങൾക്കുംകൂടി പരമാവധി 5 പേർക്കാണ് ഒരുവർഷം പ്രവേശനം നൽകുന്നത്. 2022-23 വർഷം വേഷം, പാട്ട് എന്നീ വിഷയങ്ങളിൽ മാത്രമാണ് ഒഴിവുകൾ ഉള്ളത്.

vii. വിജയകരമായി ആദ്യഘട്ടത്തിലെ അഞ്ചുവർഷത്തെ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ നാട്യസംഘത്തിലെ സ്ഥിരം നിയമനത്തിന് അർഹത നേടിയതായി പരിഗണിക്കപ്പെടും. വിവിധ വിഷയങ്ങളിൽ യോഗ്യതനേടിയ വിദ്യാർത്ഥികൾക്ക് നാട്യസംഘത്തിൽ ഒഴിവുകൾ വരുന്നപക്ഷം എൽ.ഡി. ക്ലാർക്കിന്റേതിൽ താഴെയല്ലാത്ത തസ്തികയിൽ നിയമനം നൽകുന്നതായിരിക്കും.

viii. +2 പഠനം കഴിഞ്ഞ് മറ്റുതൊഴിലോ വിദ്യാഭ്യാസപരമായി ഉയർന്ന പഠനമോ സ്വീകരിക്കണമെന്നാഗ്രഹിക്കുന്നവർക്ക് യുക്തമായ മാർഗ്ഗം സ്വീകരിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കും. എന്നാൽ ആവശ്യം വരുന്ന സന്ദർഭങ്ങളിൽ നാട്യസംഘം ഏറ്റെടുക്കുന്ന പരിപാടികളിൽ പങ്കെടുക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

ix. നാട്യസംഘത്തിൽ പ്രവേശനം നേടി എന്നതുകൊണ്ടുമാത്രം കോഴ്സിന്റെ കാലാവധി പൂർത്തിയാക്കാം എന്ന് തീരുമാനിക്കാൻ പറ്റില്ല. താഴെ കൊടുത്ത ഏതെങ്കിലും കാരണംകൊണ്ട് പഠനം ഇടയ്ക്കുവെച്ച് നിർത്തേണ്ടിവരാവുന്നതാണ്.

   a. പൊതുവിദ്യാഭ്യാസസ്ഥാപനത്തിലെ അച്ചടക്കനടപടിക്ക് വിധേയനായി സ്കൂളിൽനിന്ന് പുറത്താക്കപ്പെടുന്ന വിദ്യാർത്ഥി.
   b. നാട്യസംഘത്തിന്റെ സംസ്കാരത്തിനും അച്ചടക്കത്തിനും വിരുദ്ധമായി പ്രവർത്തിക്കുകവഴി ഏതെങ്കിലും വിദ്യാർത്ഥി നാട്യസംഘത്തിന് ഗുണകരമല്ല എന്ന് മാനേജ്മെന്റിന് തോന്നുന്ന സാഹചര്യത്തിൽ.
   c. ഹാജർനില കുറവായാൽ.
   d. കലാപഠനത്തിലും പൊതുവിദ്യാഭ്യാസത്തിലും പ്രതീക്ഷിക്കുന്ന പുരോഗതി കാണുന്നില്ലെന്ന് ബന്ധപ്പെട്ട അദ്ധ്യാപകർ റിപ്പോർട്ട് നൽകിയാൽ.

x. പൊതുവിദ്യാഭ്യാസത്തിനാവശ്യമായ ടെക്സ്റ്റ് ബുക്സ്, നോട്ട് ബുക്സ് എന്നിവ അതത് സമയം വിദ്യാർത്ഥിക്ക് ലഭ്യമാക്കുന്നതാണ്.

xi. പൊതുവിദ്യാഭ്യാസസ്ഥാപനം നിർദ്ദേശിക്കുന്ന യൂണിഫോം അദ്ധ്യയനവർഷാരംഭംതന്നെ വിദ്യാർത്ഥിക്ക് ലഭ്യമാക്കുന്നതാണ്.

**III. രക്ഷിതാക്കളുടെ ശ്രദ്ധയ്ക്ക്**

നാട്യസംഘത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥിയുടെ കളരിയിലും പൊതുവിദ്യാലയത്തിലും ഉള്ള പഠനത്തിന്റെ ചിലവും ഉത്തരവാദിത്വവും ആര്യവൈദ്യശാല ഏറ്റെടുക്കുന്നതാണ്. പ്ലസ്ടൂതലം വരെ വിജയകരമായി പഠനം പൂർത്തിയാക്കുന്നവരെ ആര്യവൈദ്യശാലയിൽ നിയമിക്കുന്നതിന് അർഹരായി കണക്കാക്കുന്നതാണ്. വിദ്യാർത്ഥികൾ പരിപൂർണമായ അച്ചടക്കം പാലിക്കേണ്ടതും ഹോസ്റ്റലുകളിൽ താമസിക്കേണ്ടതുമാണ്. ഹോസ്റ്റൽ ഫീസ് നാട്യസംഘം വഹിക്കുന്നതാണ്. സസ്യാഹാരമാണ് ഹോസ്റ്റലുകളിൽ ലഭിക്കുന്നത്.

---

വിശദവിവരങ്ങൾക്ക്: സെക്രട്ടറി, പി. എസ്. വി. നാട്യസംഘം, ആര്യവൈദ്യശാല, കോട്ടയ്ക്കൽ – 676 503. ഫോൺ: 2743650